STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.566/PR/SPMC/PHQ/2021 Date :16.12.2021

**പോലീസിൽ സൈബർ സെക്യൂരിറ്റി ഡിവിഷൻ രൂപീകരിക്കുന്നത് പരിഗണനയിലെന്ന് മുഖ്യമന്ത്രി**

സൈബർ മേഖലയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പോലീസിൽ സൈബർ സെക്യൂരിറ്റി ഡിവിഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഈ ഡിവിഷൻ നിലവിൽവരുന്നതോടെ സൈബർ മേഖലയിലെ കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കാനാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള പോലീസ് സൈബർഡോം വിഭാഗം തിരുവനന്തപുരത്ത് പേരൂർക്കട എസ്എപി ഗ്രൗണ്ടിൽ സംഘടിപ്പിച്ച രണ്ടുദിവസത്തെ ഹാക്കത്തോൺ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദുരന്തമേഖലയിലെ രക്ഷാപ്രവർത്തനത്തിനും കൃഷിയിടത്തിലെ ആവശ്യത്തിനും വിവിധ സർവ്വേ പ്രവർത്തനങ്ങൾക്കും ആധുനിക ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. എന്നാൽ സാങ്കേതിക വിദ്യ വളരുന്നതിനനുസരിച്ച് കുറ്റകൃത്യങ്ങളിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. മയക്കുമരുന്ന്, ആയുധങ്ങൾ എന്നിവ കടത്താൻ ഡ്രോൺ വ്യാപകമായി ഉപയോഗിക്കുന്നു. ഈ സാഹചര്യത്തിലാണ് ഡ്രോൺ സാങ്കേതികവിദ്യ പഠിക്കാനും മനസ്സിലാക്കാനും സ്വന്തം നിലയിൽ വികസിപ്പിക്കാനും ഡ്രോൺ ഫോറൻസിക് ലബോറട്ടറി സംവിധാനങ്ങൾ കേരള പോലീസ് ഏർപ്പെടുത്തിയത്. ഇതിന് ആവശ്യമായ സാങ്കേതികവിദ്യ വളർത്തിയെടുക്കാനാണ് ഹാക്കത്തോൺ കൊണ്ട് ലക്ഷ്യമാക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഉദ്ഘാടനത്തിനുശേഷം വിവിധ തരം ഡ്രോണുകൾ ഉൾപ്പെടുത്തി വർണാഭമായ എയർഷോ സംഘടിപ്പിച്ചിരുന്നു.

വി കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, മുതിർന്ന പോലീസ് ഓഫീസർമാർ, ഡ്രോൺ സാങ്കേതികവിദഗ്ധർ എന്നിവർ പങ്കെടുത്തു. ഹാക്കത്തോണിന്റെ സമാപനചടങ്ങിൽ വെള്ളിയാഴ്ച്ച വൈകിട്ട് 4.30 ന് മന്ത്രി ആന്റണിരാജു മുഖ്യാതിഥി ആയിരിക്കും.

ഫോട്ടോ ക്യാപ്ഷൻ:

1.കേരള പോലീസ് സംഘടിപ്പിച്ച ഡ്രോൺ ഹാക്കത്തോൺ മത്സരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഡ്രോൺ പറത്തി ഉദ്ഘാടനം ചെയ്യുന്നു.

2. കേരള പോലീസ് സൈബർഡോം തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഡ്രോൺ പ്രദർശനം മുഖ്യമന്ത്രി പിണറായി വിജയൻ വീക്ഷിക്കുന്നു.

*********************************